# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 05.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയുമായി ഉഭയക ക്ഷി കൂടിക്കാഴ്ച നടത്തി. ശ്രീലങ്കയിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിച്ചു.

   **Prime Minister Narendra Modi Holds Bilateral Talks with Sri Lankan President Anura Kumar Dissanayake; Inaugurates Key Development Projects in Sri Lanka.**

2) ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ന് അംഗീകാരം നൽകി രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu gives assent to Immigration and Foreigners Bill, 2025.**

3) ഛത്തീസ്ഗഢിലെ നക്സൽ വിരുദ്ധ പ്രവർത്തനങ്ങളുടെ പുരോഗതി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് അവലോകനം ചെയ്യും.

   **Union Home Minister Amit Shah to Hold Review Meeting on Anti-Naxal Operations in Chhattisgarh Today.**

4) ഇന്ന് ദേശീയ സമുദ്ര ദിനം; രാഷ്ട്ര പുരോഗതിക്കായി സമുദ്രമേഖലയെയും തുറമുഖങ്ങളെയും ശക്തിപ്പെടുത്തുന്നത് തുടരുമെന്ന് പ്രധാനമന്ത്രി.

   **On National Maritime Day, Prime Minister Reaffirms Commitment to Bolster Maritime Sector and Ports for India's Progress.**

5) കേരളത്തിൽ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമെന്ന് കായികമന്ത്രി വി അബ്ദുറഹിമാൻ.

   **Sports Minister V. Abdurahiman Announces Plans for International Sports Institute in Kerala.**

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ടു മത്സരങ്ങൾ; ചെന്നൈ സൂപ്പർ കിംഗ്സ്, ഡൽഹിക്യാപിറ്റൽസിനെയും രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സിനേയും നേരിടും.

**IPL Today: Chennai Super Kings to Clash with Delhi Capitals, Rajasthan Royals to Take on Punjab Kings.**

&&&&&&&&&&&&&&&&&&&&

## HEAD LINE – 2

## IMMIGRATION AND FOREIGNERS BILL+ BOILERS BILL

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025, ബോയിലേഴ്സ് ബിൽ 2024 എന്നിവയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഇന്ത്യയിലെക്കുള്ള വിദേശികളുടെ പ്രവേശനം, താമസം തുടങ്ങിയവ നിയന്ത്രിക്കുന്നത് ലക്ഷ്യമിട്ടുള്ളതാണ് ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ. ബോയിലറുകളുടെ നിയന്ത്രണം, ബോയിലറുകൾ മൂലമുള്ള അപകടം ഒഴിവാക്കി ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുക എന്നിവയാണ് ബോയിലേഴ്സ് ബിൽ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&&&

## HEAD LINE – 1

## PM – SRILANKA

പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസനായകയുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി. ആരോഗ്യം, ഡിജിറ്റൈസേഷൻ, പ്രതിരോധം, ഊർജ്ജം തുടങ്ങിയ മേഖലകളിൽ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്തു. ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള ആത്മീയ - സാംസ്കാരിക പൈതൃകം പ്രോത്സാഹിപ്പിക്കുന്നതിനും ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾക്ക് ആദരമായി പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ശ്രീലങ്കൻ സർക്കാർ മിത്ര വിഭൂഷണ പുരസ്കാരം സമ്മാനിച്ചു. ശ്രീലങ്കയിലെ ജനങ്ങൾക്കായി സഹായങ്ങൾ ലഭ്യമാക്കാൻ സാധിക്കുന്നതിൽ ഇന്ത്യയ്ക്ക് ഏറെ സന്തോഷവും അഭിമാനവുമുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. ശ്രീലങ്കൻ

പ്രെസിഡൻ്റുമായി ചേർന്ന് വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നിർവഹിച്ചു. മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്നലെയാണ് ശ്രീ മോദി ശ്രീലങ്കയിൽ എത്തിയത്.

&&&&&&&&&&&&&&&&&&&&

## INDIAN HIGH COMMISSIONER (INTRO)

ശ്രീലങ്കയിൽ ഡിജിറ്റൽ അടിസ്ഥാന സൗകര്യ വികസനത്തിന് ഇന്ത്യ വലിയ പിന്തുണ നൽകുന്നതായി ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝാ. ആധാറിന് സമാനമായ ഡിജിറ്റൽ തിരിച്ചറിയൽ പദ്ധതി തയ്യാറാക്കുന്നതിന് ആവശ്യമായ എല്ലാ സഹായവും ഇന്ത്യ ശ്രീലങ്കയ്ക്ക് വാഗ്ദാനം ചെയ്തതായും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയ്സ്........)**

&&&&&&&&&&&&&&&&&&&&

## PM- CABINET DECISIONS

വൈബ്രൻറ് വില്ലേജ് പദ്ധതി രണ്ടാം ഘട്ടത്തിനും മൾട്ടി ട്രാക്കിങ് റെയിൽ പദ്ധതിക്കും അനുമതി നൽകിയ കേന്ദ്രമന്ത്രിസഭ നടപടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. രാജ്യത്തെ വിവിധ ഇടങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനും അടിസ്ഥാനസൗകര്യം വികസിപ്പിക്കുന്നതിനും ചരക്കു ഗതാഗതം സുഗമമാക്കുന്നതിനും മൾട്ടി ട്രാക്കിങ് റെയിൽ പദ്ധതി സഹായകമാകുമെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അതിർത്തി ഗ്രാമങ്ങളിലെ ജീവിതം സുഗമമാക്കുന്നതിനും ജീവിത നിലവാരം ഉറപ്പാക്കുന്നതിനും വൈബ്രൻറ് വില്ലേജ് പദ്ധതിയിലൂടെ സാധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

## HEAD LINE – 3

## SHAH-CHHATTISGARH

ഛത്തീസ്ഗഢിലെ നക്സൽ വിരുദ്ധ പ്രവർത്തനങ്ങളുടെ പുരോഗതി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് റായ്പൂരിൽ അവലോകനം ചെയ്യും. ദന്തേവാഡ ജില്ലയിലെ ബസ്തർ പാണ്ഡം ഉത്സവത്തിന്റെ സമാപന ചടങ്ങിലും കേന്ദ്ര

ആഭ്യന്തരമന്ത്രി ഇന്ന് പങ്കെടുക്കും. ബസ്തറിന്റെ സമ്പന്നമായ ഗോത്ര കലയും സംസ്കാരവും പുനരുജ്ജീവിപ്പിക്കാനും പ്രചാരം നൽകാനും ലക്ഷ്യമിട്ടാണ് ബസ്തർ ഉത്സവ് സംഘടിപ്പിക്കുന്നത്. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്നലെ വൈകുന്നേരമാണ് ശ്രീ ഷാ റായ്പൂരിലെത്തിയത്.

&&&&&&&&&&&&&&&&&&&

## VAISHNAW-TN VISIT

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന്റെ രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന് ഇന്ന് തുടക്കം. നവീകരിച്ച പാമ്പൻ റെയിൽ പാലത്തിന്റെ അവസാനഘട്ട ഒരുക്കങ്ങൾ നിരീക്ഷിക്കാൻ അദ്ദേഹം രാമേശ്വരം സന്ദർശിക്കും. റെയിൽ പാലം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാജ്യത്തിന് സമർപ്പിക്കും. കേന്ദ്രസഹമന്ത്രി എൽ. മുരുകനും ചടങ്ങിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&

## PM-JAGJIVAN RAM

ഇന്ത്യയുടെ മുൻ ഉപപ്രധാനമന്ത്രി ബാബു ജഗ്ജീവൻ റാമിന്റെ ജന്മവാര്ഷിക ദിനമായ ഇന്ന് ശ്രദ്ധാഞ്ജലി അർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദരിദ്രരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും അവകാശങ്ങൾക്കായുള്ള ജഗ്ജീവൻ റാമിന്റെ പോരാട്ടം എന്നും പ്രചോദനത്തിന്റെ ഉറവിടമായി തുടരുമെന്ന് ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## GOYAL-STARTUP MAHAKUMBH

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന സ്റ്റാർട്ടപ്പ് മഹാകുംഭിന് ഇന്ന് സമാപനം. ഈ മാസം മൂന്നിന് ആരംഭിച്ച മഹാകുംഭിൽ 3,000 സ്റ്റാർട്ടപ്പുകളും ആയിരത്തിലേറെ നിക്ഷേപകരും പങ്കെടുത്തു. നൂതനാശയങ്ങളിലും സാങ്കേതികവിദ്യ അധിഷ്ഠിത വളർച്ചയിലും ആഗോളതലത്തിൽ ശക്തമായ സ്വാധീനം ചെലുത്താനാണ് രാജ്യം ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ സ്റ്റാർട്ടപ്പ് മഹാകുംഭിന്റെ രണ്ടാം പതിപ്പിൽ പറഞ്ഞു.

ഇന്ത്യയിലെ യുവാക്കൾ ലോകം കീഴടക്കാൻ സജ്ജരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&&&

## HEAD LINE – 4

### NATIONAL MARITIME DAY

സമുദ്രമേഖലയിൽ രാജ്യം കൈവരിച്ച ചരിത്രമുന്നേറ്റങ്ങൾ അനുസ്മരിച്ചുകൊണ്ട് ഇന്ന് 62-ാമത് ദേശീയ സമുദ്ര ദിനം. ഇന്ത്യയുടെ സമ്പന്നമായ സമുദ്ര ചരിത്രം വ്യക്തമാക്കുന്ന വീഡിയോ പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹ മാധ്യമത്തിൽ പങ്കുവച്ചു. രാഷ്ട്രനിർമ്മാണത്തിൽ സമുദ്രമേഖല വഹിക്കുന്ന പങ്കു വലുതാണെന്നും ഇന്ത്യയുടെ പുരോഗതിക്കായി സമുദ്രമേഖലയെയും തുറമുഖങ്ങളെയും ശക്തിപ്പെടുത്തുന്നത് തുടരുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&

### SARBANANDA SONOWAL

62-ാമത് ദേശീയ സമുദ്ര ദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിക്കുന്ന മാരിടൈം ബോധവത്കരണ വാക്കത്തോൺ കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ ന്യൂഡൽഹിയിൽ ഫ്ലാഗ് ഓഫ് ചെയ്തു. ഇന്ത്യയെ വികസിത രാഷ്ട്രമാക്കാൻ ഓരോ പൗരനും സംഭാവന ചെയ്യണമെന്ന് പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&&&

### PRESIDENT VISIT ( INTRO)

രാഷ്ട്രപതി ദ്രൗപദി മുർമു ഈ മാസം പോർച്ചുഗലും സ്ലോവാക് റിപ്പബ്ലിക്കും സന്ദർശിക്കും. ഈ മാസം ഏഴിന് പോർചുഗലിലെത്തുന്ന രാഷ്ട്രപതി പോർച്ചുഗൽ പ്രസിഡന്റ് മാഴ്സെലോ റെബെലോ ഡി-സൂസയുമായി പ്രതിനിധിതല ചർച്ച നടത്തും. വിവിധ സർവകലാശാലകളിലെ ഗവേഷകരുമായും പോർചുഗലിലെ ഇന്ത്യൻ സമൂഹവുമായും ശ്രീമതി മുർമു സംവദിക്കും. തുടർന്ന് ഈ മാസം ഒൻപതിനും പത്തിനും രാഷ്ട്രപതി സ്ലോവാക്യയിൽ പര്യടനം

നടത്തുമെന്ന് വിദേശകാര്യമന്ത്രാലയ സെക്രട്ടറി തന്മയ ലാൽ അറിയിച്ചു. ( വോയിസ്....)

&&&&&&&&&&&&&&&&&&&&

**CANADA-INDIAN NATIONAL DEATH**

കാനഡയിലെ റോക്ക്‌ലാൻഡ് പ്രദേശത്തുണ്ടായ സംഘർഷത്തിൽ ഒരു ഇന്ത്യൻ പൗരൻ മരിച്ചതായി ഒട്ടാവയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ സ്ഥിരീകരിച്ചു. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തിയ കമ്മീഷൻ, സംഭവവുമായി ബന്ധപ്പെട്ട് ഒരാളെ പോലീസ് അറസ്റ്റ് ചെയ്തതായി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. കൊല്ലപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് സാധ്യമായ എല്ലാ സഹായവും നൽകുമെന്നും കമ്മീഷൻ ഉറപ്പുനൽകി.

&&&&&&&&&&&&&&&&&&&&

**HEAD LINE – 5**

**ONE DAY SPORTS CONCLAVE**

കേരളത്തിൽ, ഉടൻ തന്നെ അന്താരാഷ്ട്ര സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമെന്ന് കായികമന്ത്രി വി അബ്ദുറഹിമാൻ. കാലിക്കറ്റ് സർവകലാശാല ക്യാംപസിൽ സ്ഥാപനം തുടങ്ങുന്നത് സംബന്ധിച്ച് വിവിധ രാജ്യങ്ങളിലെ സർവകലാശാലകളുമായി ചർച്ച നടത്തിയതായി മന്ത്രി അറിയിച്ചു. കോഴിക്കോട് ജില്ലാ സ്‌പോർട്സ് കൗൺസിലും കാലിക്കറ്റ് പ്രസ് ക്ലബും സംയുക്തമായി സംഘടിപ്പിക്കുന്ന ഏകദിന സ്‌പോർട്സ് കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&&&

**HEAD LINE – 6**

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് 3.30നാണു മത്സരം. രാത്രി 7.30 ന് നടക്കുന്ന മറ്റൊരു മത്സരത്തിൽ രാജസ്ഥാൻ റോയൽസ്, പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&&&

## KHELO INDIA

ഏഴാമത് ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് അടുത്ത മാസം നാലു മുതൽ 15 വരെ ബിഹാറിൽ നടക്കും. കായിക യുവജനകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. യുവപ്രതിഭകളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും രാജ്യത്തെ കായിക സംസ്കാരം ശക്തമാക്കുകയുമാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&&

## WORLD CUP BOXING

ബ്രസീലിൽ നടക്കുന്ന ബോക്സിംഗ് ലോകകപ്പിൽ ഇന്ത്യയുടെ അഭിനാഷ് ജാംവാൾ പുരുഷന്മാരുടെ 65 കിലോഗ്രാം ഫൈനലിൽ കടന്നു. ഇന്ന് നടക്കുന്ന ഫൈനലിൽ ജാംവാൾ ബ്രസീലിന്റെ യൂറി റെയ്സിനെ നേരിടും. പുരുഷന്മാരുടെ 70 കിലോഗ്രാം വിഭാഗം ഫൈനലിൽ ഇന്ത്യയുടെ ഹിതേഷ്, ഇംഗ്ലണ്ടിന്റെ ഒഡെൽ കമാരയെയും നേരിടും.

&&&&&&&&&&&&&&&&&&&

## GOLD

സ്വർണ്ണവിലയിൽ ഇന്നും ഇടിവ്. പവന് 720 രൂപ കുറഞ്ഞ് 66,480 രൂപയും ഗ്രാമിന് 90 രൂപ കുറഞ്ഞ് 8,310 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&

## RAIN KERALA

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ കേരളത്തിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കന്യാകുമാരി തീരത്ത് ഇന്ന് ഉയർന്ന തിരമാലക്കും കടലാക്രമണത്തിനും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&&

## RUSSIA-UKRAINE

യുക്രൈനിൽ റഷ്യ നടത്തിയ മിസൈൽ ആക്രമണത്തിൽ ഒൻപത് കുട്ടികൾ ഉൾപ്പെടെ 19 പേർ കൊല്ലപ്പെട്ടു.

ക്രിവി റീഹിലുണ്ടായ ആക്രമണത്തിൽ 50ലേറെ പേർക്ക് പരിക്കേറ്റു. സൈനികരെ ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയതെന്ന് റഷ്യൻ പ്രതിരോധ മന്ത്രാലയം വ്യക്തമാക്കിയെങ്കിലും റഷ്യൻ പ്രസ്താവന യുക്രൈൻ തള്ളി.

&&&&&&&&&&&&&&&&&&&&

## J AND K:PAK INTRUDER SHOT DEAD

രാജ്യാതിർത്തിയിലേക്ക് നുഴഞ്ഞ് കയറാൻ ശ്രമിച്ച പാകിസ്ഥാൻ പൗരനെ സുരക്ഷാസേന വധിച്ചു. ഇന്നലെ രാത്രി ജമ്മുകശ്മീരിലെ ആർ എസ് പുര സെക്റ്ററിന് സമീപം അതിർത്തി കടക്കാൻ ശ്രമിക്കുന്നതിനിടെയാണ് ഇയാളെ വധിച്ചതെന്ന് ബിഎസ്എഫ് അറിയിച്ചു. നുഴഞ്ഞുകയറ്റത്തിൻറെ ലക്ഷ്യം വ്യക്തമല്ലെന്നും ബിഎസ്എഫ് വ്യക്തമാക്കി.

&&&&&&&&&&&&&&&&
&&&&&&&&&&&&&
&&&&&&&&&&